# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1098 | 06/06/2018-ലെ മറുപടി

## ഷൊർണ്ണൂർ നഗരസഭയിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഷൊർണ്ണൂർ നഗരസഭയിൽ കേരള ജല അതോറിറ്റി പണി പൂർത്തിയാക്കാനുള്ള മേച്ചിലാത്ത്കുന്ന് കുടിവെള്ള പദ്ധതി, പന്തലാട്ടുപറമ്പ് കുടിവെള്ളപദ്ധതി, പി.വി.ജെ.ബി. കോളനി പൈപ്പ് തുടങ്ങി വാർഡ് 6,13,30 എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 118 എസ്.സി. കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി, പഴനിപ്പറമ്പ് പദ്ധതി ,മുല്ലയ്ക്കൽ കോളനി പൈപ്പ് ലൈൻ തുടങ്ങിയവയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ,എപ്പോൾ പൂർത്തീകരിയ്ക്കുവാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഷൊർണ്ണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തിയായ മേച്ചിലത്ത് കുടിവെള്ള പദ്ധതിയുടെ കിണർ,പമ്പിംഗ് ലൈൻ, ഇൻഫിൽട്രേഷൻ ഗ്യാലറി, പമ്പ് ഹൗസ്, പമ്പ് സെറ്റ്, എന്നിവ പൂർത്തിയാക്കി. പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞു. പ്രസ്തുത കുടിവെള്ള പദ്ധതി നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ജലവിതരണം നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായ ജല സംഭരണി നിർമ്മിക്കുന്നതിനാവശ്യമായ തുകയും സ്ഥലവും ലഭ്യമാക്കണമെന്ന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭ ഗണേശഗിരി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥലം നിർദ്ദേശിച്ചതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പന്തലാട്ട്പറമ്പ് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചുകഴിഞ്ഞു.<br><br>പി.വി.ജെ.ബി കോളനിയിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>118 പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതിയിൽ നഗരസഭ നിർദ്ദേശിച്ചതും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സമർപ്പിച്ചതുമായ 87 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. നഗരസഭ നിർദ്ദേശിക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ ഓണർഷിപ്പ് |

| | | |
|---|---|---|
| | | സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് ബാക്കി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതാണ്.<br><br>പഴനിപറമ്പ് കുടിവെള്ള പദ്ധതിക്ക് വേണ്ടി രണ്ട് കുഴൽക്കിണർ കുഴിച്ചിട്ടും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിച്ചുകൊണ്ട് പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിൽ ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള കൾവെർട്ട് ക്രോസ്സിംഗ് പ്രവർത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 2018 ജൂൺ അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>മുഴക്കൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. |
| (ബി) | ജില്ലാ പഞ്ചായത്ത് ഡിപ്പോസിറ്റ് പദ്ധതിയായ പോണാട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് ;എപ്പോൾ പൂർത്തികരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (ബി) പോണാട് കുടിവെള്ള പദ്ധതി യിലെ നിർദിഷ്ട പ്രവർത്തികൾ 18.12.2017-ൽ പൂർത്തീകരിച്ചു കഴിഞ്ഞു. |
| (സി) | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഡിപ്പോസിറ്റുവർക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (സി) വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 1 മുതൽ 12 വരെയുള്ള പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി 95% പൂർത്തീകരിച്ചു കഴിഞ്ഞു. പദ്ധതി പൂർണമായും പൂർത്തീകരിക്കുന്നതിന് പൊതുമരാമത്തു വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇത് ലഭിച്ചുകഴിഞ്ഞാൽ 2 മാസത്തിനുള്ളിൽ പദ്ധതി പൂർണമായും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ടരാമത്ത് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിയുടെ ദർഘാസ് അംഗീകരിച്ച് കരാർ വച്ചിട്ടുണ്ട്. പദ്ധതി 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. കിഴക്കേക്കര കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിക്കായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ മറ്റു വിവിധ പ്രദേശങ്ങളിലെ |

പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | ജലസേചന വകുപ്പ് അനങ്ങനടി (ഡി) പഞ്ചായത്ത് കടിശ്ശീരിത്തോട് അറ്റകുറ്റപ്പണി, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിര നവീകരണം, പാണിയംകുളം ത്രാങ്ങാലി എൽ.ഐ.സ്കീം അടിയന്തിര നവീകരണം എന്നീ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ? | കാറൽമണ്ണ എൽ.ഐ. സ്കീമിന്റെ വാലറ്റപ്രദേശത്തേയ്ക്ക് വെള്ളമെത്തിക്കാനുള്ള പ്രവൃത്തി 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും പ്രതികരണമൊന്നുമില്ലാത്തതിനാൽ പുനർ ദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അനങ്ങാടി പഞ്ചായത്തിലെ കടശ്ശേരി തോടിന്റെ പൊളിഞ്ഞുപോയിരുന്ന സംരക്ഷണഭിത്തിയും ബണ്ടും പുനർ നിർമ്മിക്കുന്ന പ്രവൃത്തി 13.10.2016 ൽ ആരംഭിച്ച 06.4.2017 ൽ പൂർത്തിയായി.<br><br>ത്രാങ്ങാലി ലിഫ്റ്റ് ഇറിഗേഷൻ സ്കീം കനാൽ നവീകരണം 04.05.2018 ന ആരംഭിച്ചിട്ടുണ്ട്. നിലവിൽ 75 ശതമാനത്തോളം പണി പൂർത്തിയായിട്ടുണ്ട്. 2018 ജൂൺ 30 നുള്ളിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ